പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3174.

11.12.2014 -ൽ മറുപടിയ്ക്ക്

കമ്പോള നിലവാരം, വിലവിവരപ്പട്ടിക പ്രദർശിപ്പിക്കൽ

ചോദ്യം

ശ്രീ. കെ.ശിവദാസൻ നായർ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.വർക്കല കഹാർ
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി.

ഉത്തരം

ശ്രീ.അനൂപ് ജേക്കബ്
(ഭക്ഷ്യവും പൊതുവിതരണവും
ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കമ്പോള നില വാരം, വിലവിവരപ്പട്ടിക എന്നിവ കടകളിൽ പ്രദർശിപ്പിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കുമോ; | (എ) | കച്ചവട സ്ഥാപനങ്ങളിൽ വിൽക്കപ്പെടുന്ന സാധനങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനായി ശക്തമായ പരിശോധന കൾ നടത്തി വരുന്നു. കൂടാതെ പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും പരിശോധനകൾ നടത്തുന്നു. |
| (ബി) | ഇവ പ്രദർശിപ്പിക്കാത്ത കടയുടമ കൾക്കെതിരെ നിലവിൽ എന്തെല്ലാം നിയമനടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കച്ചവടസ്ഥാപനങ്ങൾക്കെതിരെ 1977 -ലെ Kerala Food Stuffs (Display of price by catering establishment) order, 1977 ലെയും 1980 ലെയും Kerala Essential Commodities (Maintenance of Accounts and Display of Prices and stocks) Order പ്രകാരവും നടപടി സ്വീകരിക്കുന്നു. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കച്ചവടസ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും ഭക്ഷ്യസാധനങ്ങൾ പിടിച്ചെടുക്കുകയും പിഴ ഈടാക്കുകയും ചെയ്യുന്നു. |
| (സി) | കമ്പോള നിലവാരം, വിലവിവര പ്പട്ടിക എന്നിവ പ്രദർശിപ്പി ക്കുന്നത് പരിശോധിക്കാൻ കർശന നടപടി സ്വീകരിക്കുമോ ; | (സി) | എല്ലാ കച്ചവടസ്ഥാപനങ്ങളും വില വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനായി പരിശോധനകൾ നടത്തി വരുന്നു. 2014 ജനവരി മുതൽ നവംബർ വരെ വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത 4598 കച്ചവട സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരി ച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ? | (ഡി) | കച്ചവടസ്ഥാപനങ്ങൾ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാതെയും അമിത വില ഈടാക്കിയും മറ്റും ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നതിനെതിരെ ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനായി വിവിധ പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നു. ഹോട്ടലുടമകൾ യാതൊരു മാനദണ്ഡവും പാലിക്കാതെ ഭക്ഷണസാധനങ്ങൾക്ക് വില ഈടാക്കുന്നത് തടയാനുദ്ദേശിച്ചുകൊണ്ട് ഹോട്ടലുകളിലെ ഭക്ഷണങ്ങളുടെ വില ഏകീകരിക്കുന്നതിനുള്ള ഒരു നിയമ നിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ.